5.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	3
6.	അസിസ്റ്റന്റ് എഞ്ചിനീയർ	10
7.	സീനിയർ അസിസ്റ്റന്റ്	6
8.	സിവിൽ സബ്എഞ്ചിനീയർ	4
9.	ഇലക്ട്രിക്കൽ സബ് എഞ്ചിനീയർ	1
10.	ടൈപ്പിസ്റ്റ്	1
11.	മൊബൈൽ ക്രെയിൻ ഓപ്പറേറ്റർ	3
12.	ഡ്രൈവർ	4
13.	വാച്ച്മാൻ	5
14.	മസ്ദൂർ	4
15.	ഓഫീസ് അറ്റന്റന്റ്	3
16.	പി.റ്റി.സി. സ്വീപ്പർ	1
17.	സബ്എഞ്ചിനീയർ (പ്രൊവിഷണൽ)	5
18.	വാച്ച്മാൻ (പ്രൊവിഷണൽ)	4
19.	പെയിഡ് അപ്രന്റീസ്	3

(ബി&സി) ആർ. പി. രവിചന്ദ്രൻ എന്ന ഒരു സീനിയർ അസിസ്റ്റന്റിനെ നിയോഗിച്ചിട്ടുണ്ട്.

(ഡി) ഹോളിഡേ വേജസ് നൽകിയിട്ടില്ല.

(ഇ) 70 ജീവനക്കാർക്ക് ഒരു സീനിയർ അസിസ്റ്റന്റ് എന്ന കണക്കിൽ.

(എഫ്) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ബാധകമല്ല.

(എച്ച്) ബാധകമല്ല.

കാസർഗോഡ് ജില്ലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ

120 (1787) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി പുതുതായി പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ അവ ഏതെല്ലാമാണെന്നും എന്നേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാസർഗോഡ് ജില്ലയിൽ കെ. എസ്. ഇ. ബി. യുടെ കീഴിലുള്ള വിവിധ ഓഫീസുകളിൽ ഏതെല്ലാം വിഭാഗത്തിലുള്ള എത്ര തസ്തികകൾ എന്നു മുതൽ ഒഴിവുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ഒഴിവുകൾ എന്നേയ്ക്ക് നികത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസരണമേഖലയിൽ മുള്ളേരിയയിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നുണ്ട്. ഈ സബ്സ്റ്റേഷനിൽ 10 എം.വി.എ. യുടെ ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിനാവശ്യമായ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ ചെറുവത്തൂരിൽ ഒരു 110/33/11 കെ.വി. സബ് സ്റ്റേഷന്റെയും, വെസ്റ്റ് എളേരിയിൽ ഒരു 33/11 കെ.വി. സബ് സ്റ്റേഷന്റെയും നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിതരണ മേഖലയിൽ 247 വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലികളും നടപ്പാക്കി വരുന്നു. ഇതിൽ, ഈ വർഷം ഇതുവരെ 127 വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലികളും 62 സിസ്റ്റം ഇംപ്രൂവ്മെന്റ് ജോലികളും നടപ്പിലാക്കി കഴിഞ്ഞു. കാസർഗോഡ് ജില്ലയിൽ സ്ഥാപിക്കുന്ന ഡി.സി. പവർ പ്രോജക്ടിന്റെയും (105 മെഗാവാട്ട്) കാസർഗോഡ് പവർ കോർപ്പറേഷൻ (20 മെഗാവാട്ട്) ന്റെയും താപനിലയങ്ങളുടെ പണി ആരംഭിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. രാജപുരത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും, ആർ. ഇ. സി. യുടെ ധനസഹായത്തോടെ തൃക്കരിപ്പൂർ, നീലേശ്വരം, ബേലൂർ, അനന്തപുരം, കാസർഗോഡ് ടൗൺ, ബദിയടുക്ക, പെർള എന്നിവിടങ്ങളിൽ 33 കെ.വി.സബ്സ്റ്റേഷനുകളും, അനുബന്ധലൈനുകളും സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, നിലവിലുള്ള വിദ്യാനഗർ 110 കെ.വി. സബ്സ്റ്റേഷനിലും, കാഞ്ഞങ്ങാട്ട് സബ്സ്റ്റേഷനിലും 110/33 കെ.വി. ട്രാൻസ്ഫോമറുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിതരണ വിഭാഗത്തിൽ 127 വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലികളും 62 സിസ്റ്റം ഇംപ്രൂവ്മെന്റ് ജോലികളും നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഈ ജോലികൾ മുൻഗണനാ ക്രമമനുസരിച്ച് കഴിവതും വേഗം ചെയ്യുന്നതാണ്.

(ഡി)	എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	1
	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	3
	അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	10
	അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)	2
	സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	22
	ഓവർസീയർ	51
	മീറ്റർ റീഡർ	16
	മസ്ദൂർ	44
	അക്കൗണ്ട്സ് ഓഫീസർ	2

LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ്സ് ഓഫീസർ	2
ഡിവിഷണൽ അക്കൗണ്ടന്റ്	2
സീനിയർ സൂപ്രണ്ട്	19
സീനിയർ അസിസ്റ്റന്റ്	36
ജൂനിയർ അസിസ്റ്റന്റ്	11
സ്റ്റെനോഗ്രാഫർ	2
ടൈപ്പിസ്റ്റ്	5
ഓഫീസ് അറ്റൻഡൻസ്	6
വാച്ച്മാൻ	7
ലൈൻമാൻ	64
കാഷ്യർ	10
സബ് എഞ്ചിനീയർ (സിവിൽ)	1
ഡ്രൈവർ	14

ഈ ഒഴിവുകൾ വിവിധ കാലഘട്ടങ്ങളിലായി ഉണ്ടായതാണ്.

(ഇ) പ്രൊമോഷനിലൂടെയും ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്താനുദ്ദേശിക്കുന്ന ജനറൽ ട്രാൻസ്ഫർ മുഖേനയും ഈ ഒഴിവുകൾ നികത്തുവാനുദ്ദേശിക്കുന്നു.

ദേവികുളം താലൂക്ക് അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ ഡവലപ്പ്മെന്റ് ബാങ്ക്

121 (1788) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം താലൂക്ക് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡവലപ്പ്മെന്റ് ബാങ്കിൽ കഴിഞ്ഞ വർഷം ഏതെങ്കിലും തസ്തികയിലേക്ക് നിയമനം നടത്തിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിയമനം നടത്തിയിട്ടുണ്ടെങ്കിൽ സഹകരണവകുപ്പിന്റെ അംഗീകാരത്തോടെകൂടിയും സഹകരണസംഘം നിയമങ്ങൾക്കും സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവുകൾക്കും അനുസൃതമായാണോ പ്രസ്തുത നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നിയമനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത നിയമനത്തിന് ഒരു ദിവസം തന്നെ എഴുത്തു പരീക്ഷയും ഇന്റർവ്യൂവും നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സഹകരണ തത്വങ്ങൾക്കും സർക്കാർ ഉത്തരവിനും എതിരായിട്ടാണ് പ്രസ്തുത ബാങ്ക് പ്രവർത്തിച്ചിട്ടുള്ളത് എങ്കിൽ അതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly